I/2187/2022

ഓണാഘോഷം 2022


കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in


An IS 15700 : 2018 Certified Department

നമ്പർ: CEI/16367/2022-E2 തീയതി: 23-08-2022

## ടെൻഡർ നോട്ടീസ്

2022 - ലെ ഓണാഘോഷ പരിപാടിയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഫ്ലോട്ട് തയ്യാറാക്കുന്നതിനുള്ള ടെൻഡർ ക്ഷണിക്കുന്നു.

വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബോധവത്കരണ നിർദേശങ്ങൾ നൽകുന്നതിനായി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയും വൈദ്യുത ലൈനിനു സമീപത്ത് ജോലിചെയുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളെയും ഉയർത്തിക്കാട്ടി ഒരു ഫ്ലോട്ട് തയ്യാറാക്കുന്നതിനുള്ള ഡിസൈനും മോഡലും തയാറാക്കി ആയതിനുള്ള തുകയും ഉൾപ്പെടുത്തിയ ടെണ്ടർ ഫോറം 30.08.2022 3 മണിയ്ക്ക് മുൻപ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഫ്ലോട്ടിന്റെ നീളം 18 അടി , റോഡിൽ നിന്നും ഉയരം 16 അടി, വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

| | | |
|---|---|---|
| **ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും** | - | 30.08.2022 3 PM |
| **ടെൻഡർ തുറക്കുന്ന തീയതിയും സമയവും** | - | 30.08.2022 4 PM |
| **ടെൻഡർ ഫോറത്തിന്റെ തുക** | - | 800/- രൂപ |
| **നിരതദ്രവ്യം** | - | 10,000/- രൂപ |

(MSME പോലുള്ള സ്ഥാപനങ്ങൾക്ക് നിയമപരമായ ഇളവുകൾ ലഭിക്കുന്നതാണ്)

ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിക്ഷിപ്തമായിരിക്കും

**Signed by Anil Kumar V C**
**Date: 23-08-2022 12:28:30**

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

To

1. വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ്

പകർപ്പ് :-

കരുതൽ / അധികം

# നിബന്ധനകൾ

കേരളം സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച നടത്തുന്ന ഓണാഘോഷം 2022 പരിപാടിയുടെ സമാപന ചടങ്ങിൽ പ്രദർശിപ്പിക്കുവാനായി **'വൈദ്യുത സുരക്ഷ'**എന്ന സന്ദേശം പ്രമേയമാക്കി ഒരു ഫ്ലോട്ട് തയ്യാറാക്കുവാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് തീരുമാനിച്ചിരിക്കുന്നു. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഫ്ലോട്ട് തയ്യാറാക്കേണ്ടതാണ്.

1. ഫ്ലോട്ടിന്റെ ത്രിമാന രൂപത്തിലുള്ള ചിത്രം ടെൻഡർ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ഫ്ലോട്ടിന്റെ രൂപവും ഫ്ളോട്ട് സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധന സാമഗ്രികളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്.
3. ഫ്ലോട്ടിൽ തയ്യാറാക്കുന്ന രൂപങ്ങൾക് മിനുസമുള്ള പ്രതലത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച നിറം നൽകേണ്ടതാണ്.
4. ഫ്ലോട്ടിനു മതിയായ ശബ്ദ സംവിധാനവും വെളിച്ച സംവിധാനവും നൽകിയിരിക്കണം. മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ ഫ്ലോട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും, ഭംഗിക്കും കോട്ടം സംഭവിക്കുവാൻ പാടില്ല. കൂടാതെ ഫ്ലോട്ടിനുള്ളിലും വശങ്ങളിലും ആവശ്യമായ ദീപ സംവിധാനം ചീഫ് ഇലക്ട്രിക്കൽ ഇൻസ് പെക്ടർ/പ്രതിനിധിയുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.
5. സർക്കാർ നിശ്ചയിക്കുന്ന അംഗീകൃത സ്ഥലങ്ങളിൽ നിന്നും ആരഭിക്കത്തക്ക രീതിയിൽ അന്നേ ദിവസം രാവിലെ 10 മണിയ്ക്ക് മുൻപ് ഫ്ളോട്ട് പൂർണ്ണമായും പൂർത്തീകരിക്കേണ്ടതാണ്.
6. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ **"വൈദ്യുത സുരക്ഷ'**എന്ന സന്ദേശം രേഖപ്പെടുത്തി, പ്രിന്റ് ചെയ്ത് ലോഗോ ഉൾപ്പെടെ വാഹനത്തിന്റെ മുൻഭാഗവും പിൻഭാഗവും മറയ്ക്കേണ്ടതാണ്.
7. ഫ്ലോട്ടിനെ സംബന്ധിച്ച് ഓണാഘോഷം - 2022 ഘോഷയാത്ര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കണം.
8. ഘോഷയാത്ര നടക്കുന്ന അവസരത്തിൽ ഫ്ലോട്ടിന്റെ ആകർഷണീയതയും ഭംഗിയും വർധിപ്പിക്കുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/പ്രതിനിധി നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ നിന്നും ആനുപാതികമായി കുറവ് വരുത്തുന്നതായിരിക്കും.
9. വാഹനത്തിൽ വൈദ്യുത സുരക്ഷയുമായി ബന്ധപ്പെടുത്തുന്ന സുരക്ഷാ നിർദ്ദേശങ്ങൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാൻ അനുയോജ്യമായ എൽ.ഇ.ഡി. ഡിസ് പ്ലേ ബോർഡ് സജ്ജമാക്കേണ്ടതാണ്.
10. വർക്ക് ഓർഡർ ലഭിച്ചതിനുശേഷം ഫ്ലോട്ടിന്റെ വർക്ക് ആരംഭിച്ച കഴിഞ്ഞാൽ ആയതു സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ നേരിട്ടോ, ഫോൺ മുഖാന്തിരമോ, ഇ മെയിൽ വഴിയോ അറിയിക്കേണ്ടതാണ്.
11. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/പ്രതിനിധി നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും ഫ്ലോട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.

12. ഫ്ലോട്ടിന്റെ നിർമ്മാണത്തിൽ സർക്കാർ, നഗരസഭാ എന്നിവയുടെ നിർദ്ദേശമനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം കർശനമായി പാലിക്കേണ്ടതാണ്.
13. ഫ്ളോട്ട് സജ്ജീകരിക്കുന്ന വാഹനത്തിൽ Fire Extinguisher ഉണ്ടായിരിക്കേണ്ടതാണ്.
14. ഫ്ളോട്ട് നിർമ്മാണത്തിൽ മുൻപരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ് .
15. മുൻപ് ചെയ്ത വർക്കിന്റെ ഫോട്ടോ, വർക്ക് ഓർഡറിന്റെ പകർപ്പിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
16. ഫ്ലോട്ടിന്റെ നാല് വശങ്ങളിൽ നിന്നുമുള്ള ത്രിമാന രൂപത്തിലുള്ള ഫോട്ടോ (പോസ്റ്റ് കാർഡ് സൈസ്) കരാറുകാരൻ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

വിശദ വിവരങ്ങൾ www.ceikerala.gov.inഎന്ന വെബ് സൈറ്റിൽ ലഭ്യമാണ്